(ബി) ഗ്രാമപ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സാമ്പത്തികസഹായം നൽകി യുവജനങ്ങളുടെ സ്പോർട്ട്സ് അഭിരുചി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)*:

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിലും മറ്റ് സ്ഥലങ്ങളിലും രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് കായിക യുവജനക്ഷേമ വകുപ്പിൽനിന്നും ഈ സാമ്പത്തികവർഷത്തിൽ ധനസഹായം നൽകുന്നുണ്ട്. ഈ സംഘടനകൾക്ക് കളിസ്ഥല നിർമ്മാണത്തിന്റെ അടങ്കൽ തുകയുടെ 50 ശതമാനമോ പരമാവധി 1.20 ലക്ഷം രൂപയോ അനുവദിക്കുന്നതാണ്.

സ്പോർട്ട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്ട്സ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് ടൂർണ്ണമെന്റുകൾ നടത്തുന്നതിന് ധനസഹായം നൽകിവരുന്നു. ഗ്രാമീണ മേഖലയിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ അനുവദിക്കുന്നുണ്ട്. ഇതുവഴി അതതു പ്രദേശങ്ങളിലെ പ്രചാരമുള്ള കായിക ഇനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പരിശീലനം നൽകുന്നുമുണ്ട്.

കുട്ടിക്കൊമ്പനാനകളുടെ മരണത്തിനിടയാക്കുന്ന പ്ലാസ്റ്റിക് സാധനങ്ങളുടെ നിരോധനം

*8 [460] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *എം. എം. ഹസ്സൻ:*

„ *വി. ഡി. സതീശൻ:*

„ *കെ. സി. ജോസഫ്:*

„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ റിസർവ്വിൽ കുട്ടിക്കൊമ്പനാനകളുടെ മരണം വർദ്ധിച്ചുവരുന്നുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ എന്തെന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ മറ്റു വനഭാഗങ്ങളിൽ കുട്ടിക്കൊമ്പനാനകളുടെ മരണനിരക്ക് കൂടുതലാണോ;

(ഡി) ആനകളുടെ മരണത്തിനിടയാക്കുന്ന പ്ലാസ്റ്റിക് കൂടുമായി വനത്തിൽ പോകുന്നത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഇല്ല.

(ബി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) അല്ല.

(ഡി) താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. പ്ലാസ്റ്റിക്കുമായി വനാന്തരത്തിൽ പ്രവേശിക്കുന്നത് നിരുൽസാഹപ്പെടുത്തുക.
2. സന്ദർശകരിൽ പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെക്കുറിച്ച് അവബോധം വളർത്തുക.
3. പൊതുജന പങ്കാളിത്തമുള്ള ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവരുടെ സഹായത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അപ്പപ്പോൾ നീക്കുക.

ഭരണ നവീകരണ പദ്ധതിയുടെ കീഴിലുള്ള സേവനപ്രദാന പദ്ധതികൾ

*9 [461] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ഡോ. തോമസ് ഐസക്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ 2005-2006-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സേവനപ്രദാന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷം സേവനപ്രദാന പദ്ധതി നടപ്പിലാക്കുന്നതിന് എന്തു തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ സേവനപ്രദാന പദ്ധതി മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) സേവനപ്രദാന പദ്ധതിയിൽ സംസ്ഥാനതല പ്രോജക്ടുകളും പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുടെ നിർവ്വഹണവും ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly